ഹൈക്കോടതി സ്റ്റേ ചെയ്ത കെ. എസ്. ഇ ബി.-യുടെ ഉത്തരവ്

*291 [307] ശ്രീ. സി. വാസുദേവമേനോൻ:

,, പി. പി. എസ്തോസ്:

,, ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബോർഡ് ഈ അടുത്ത കാലത്ത് പുറപ്പെടുവിച്ചിരുന്ന ഏതെങ്കിലും ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു ഉത്തരവ്;

(സി) എന്തടിസ്ഥാനത്തിലാണ് സ്റ്റേ ചെയ്തിരിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ,ബി) കെ. എസ്. ഇ. ബോർഡ് എംപ്ലോയീസിന്റെ പേ ഫിക്സേഷനെ സംബന്ധിച്ച് ഫിനാൻഷ്യൽ അഡ്വൈസർ ആൻഡ് ചീഫ് അക്കൗണ്ട്സ് ആഫീസർ പുറപ്പെടുവിച്ച 12-12-1978-ലെ 760-ാം നമ്പർ സർക്കുലർ ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സർക്കുലർ ബോർഡിൽ 25-11-1978-ൽ നിലവിൽ വന്ന ദീർഘകാല കരാറിലെ വ്യവസ്ഥകളെ ലംഘിക്കുന്നതും സ്വാഭാവിക നീതിയ്ക്കു നിരക്കാത്തതുമാണെന്ന ഹർജിക്കാരുടെ വാദത്തിൻമേലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളത്.

ശ്രീ. സി. വാസുദേവമേനോൻ: തൊഴിലാളികൾ ദീർഘകാലം സമരം നടത്തുന്നതിന്റെ ഫലമായിട്ടാണ് കരാറും എഗ്രിമെന്റുമൊക്കെ ഉണ്ടാകുന്നത്. അങ്ങനെ ഉണ്ടാക്കുന്ന കരാറുകളും എഗ്രിമെന്റുകളുമൊന്നും നടപ്പിലാക്കാതിരിക്കുകയോ തള്ളിക്കളയുകയോ ആണ് ചെയ്യുന്നത്. അഥവാ നടപ്പിലാക്കിയാൽ തന്നെ അതിൽ പറഞ്ഞിട്ടുള്ളതിന് എതിരായിട്ടായിരിക്കുകയുംചെയ്യും. ഇടതുപക്ഷ ചായ്വുള്ള ഒരു ഗവൺമെൻറിന്റെ സമീപനമാണോ ഇത്?

ശ്രീ. പി. കെ. വാസുദേവൻനായർ: ബഹുമാനപ്പെട്ട മെമ്പർ ശരിയായ ധാരണയോടെയല്ല ഈ ചോദ്യം ഉന്നയിച്ചതെന്നു പറയേണ്ടിയിരിക്കുന്നു. യൂണിയനുകളും ബോർഡും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാറിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല; വരുത്തുന്ന പ്രശ്നവുമില്ല. അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലൊരു പരാതി യൂണിയനുകളൊന്നും ഉന്നയിച്ചിട്ടില്ല. വ്യക്തിപരമായിട്ടാണ് ചില തൊഴിലാളികൾ കോടതിയിൽ പോയിട്ടുള്ളത്.

ശ്രീ. സി. വാസുദേവമേനോൻ: ദീർഘകാലകരാറിനു വിപരീതമായാണ് കല്പന പുറപ്പെടുവിച്ചിട്ടുള്ളത് എന്ന നിലയിലല്ലേ സ്റ്റേ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻനായർ: വിരുദ്ധമല്ല എന്നതാണ് ബോർഡിന്റെ നിലപാട്. ഒരു സ്റ്റേ കൊടുത്തു എന്നു വെച്ച് ഹൈക്കോടതി അതംഗീകരിച്ചു എന്നർത്ഥമില്ലല്ലോ. രണ്ടു മൂന്നു തൊഴിലാളികളും വ്യക്തികളും എന്ന നിലയ്ക്കാണ് കോടതിയിൽ പെറ്റീഷനുമായി പോയത്. അതിനു സ്റ്റേ കൊടുത്തു എന്നുള്ളതല്ലാതെ ബോർഡ് യൂണിയനുകളുമായി ഉണ്ടാക്കിയ കരാർ ലംഘിക്കുകയോ നടപ്പിലാക്കാൻ ശ്രമിക്കാതിരിക്കുകയോ ചെയ്യുന്ന പ്രശ്നം ഉണ്ടായിട്ടില്ലെന്നു വീണ്ടും ഞാൻ ഉറപ്പിച്ചു പറയുകയാണ്.

ശ്രീ. പി. പി. എസ്തോസ്: എഗ്രിമെന്റു നടപ്പാക്കുന്നതിന് ഈ ഉത്തരവു തടസ്സമായി നിൽക്കുമെന്നുള്ളതുകൊണ്ടല്ലേ ഹൈക്കോടതി സ്റ്റേ കൊടുത്തിട്ടുള്ളത്? അതുകൊണ്ട് എത്രയും വേഗം നടപടി സ്വീകരിച്ച് ഹൈക്കോടതിയുടെ സ്റ്റേ നടപടി ഒഴിവാക്കുന്നതിനു വേണ്ടി ഗവൺമെന്റു ശ്രമിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: അത്തരം നടപടി സത്വരമായി തന്നെ സ്വീകരിച്ചിട്ടുണ്ട്. 1.1.1975 നു ശേഷം സർവ്വീസിൽ പ്രവേശിച്ച ചില പ്രത്യേക തൊഴിലാളികളുടെ പ്രശ്നമാണ് കോടതിയിലിരിക്കുന്നത്. പ്രധാനപ്പെട്ട ഒരു തീരുമാനവും നടപ്പിലാക്കുന്നതിന് ഇതു ബാധകമല്ല; നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പി. എസ്തോസ്: 1.1.1975 നു ശേഷം സർവ്വീസിൽ കയറിയിട്ടുള്ള ആളുകളുന്നയിച്ച ഗ്രീവൻസ് ന്യായമാണ്. അതു ബോർഡ് തള്ളിക്കളഞ്ഞതുകൊണ്ടാണ് അവർ കോടതിയിൽ പോയത് എന്നുള്ളതു പരിഗണിച്ചുകൊണ്ടും കോടതിയിൽ പോയി എന്നുള്ള കാരണം ഇതു നടപ്പിലാക്കുന്നതിനു തടസ്സമല്ല എന്നുള്ളതു പരിഗണിച്ചും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: ബഹുമാനപ്പെട്ട മെമ്പർ ഇതു വാദിക്കുന്നതു കഷ്ടമാണ്. കാരണം, ബോർഡും അംഗീകൃത യൂണിയനുകളുമായി എഗ്രിമെന്റുണ്ടാക്കിക്കഴിഞ്ഞാൽ അതിനു ശേഷം ഏതെങ്കിലും തൊഴിലാളികളും വ്യക്തിപരമായി കേസിനു പോയാൽ അതാണോ പരിഗണിക്കേണ്ടത്? അതിനു വേണ്ടി വാദിക്കുന്നതു കഷ്ടമാണ്.

ശ്രീ. ചടയൻഗോവിന്ദൻ: കേസ് കൊടുത്തിട്ടുള്ള തൊഴിലാളികളുന്നയിച്ചിട്ടുള്ള പ്രശ്നങ്ങളെന്തൊക്കെയാണ്?

ശ്രീ. പി. കെ. വാസുദേവൻനായർ: 1.1.1975 നു ശേഷം ജോലിയിൽ കയറിയ തൊഴിലാളികളുടെ അതിനു മുമ്പ് ഉണ്ടായിരുന്ന തൊഴിലാളികളുടെ പേ ഫിക്സേഷനിൽ കിട്ടുന്ന അതേ ബെനിഫിറ്റ് മുഴുവൻ കിട്ടുന്നില്ല. അതിനാണ് കോടതിയിൽ കേസിനു പോയത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: കരാർ ലംഘിച്ചിരിക്കുന്നു എന്ന് ഏതെങ്കിലും യൂണിയനുകളും ഗവൺമെന്റിനോ ബോർഡിനോ പരാതി തന്നിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻനായർ: എഗ്രിമെൻറു നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്നും മറ്റുമുള്ള ചില കാര്യങ്ങളും പറഞ്ഞ് ചില യൂണിയനുകളും പരാതി തന്നിട്ടുണ്ട്. പക്ഷേ അവ അംഗീകൃത യൂണിയനുകളൊന്നുമല്ല. അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത ഒട്ടേറെ യൂണിയനുകളും അവിടെയുണ്ട്. അംഗീകൃത യൂണിയനുകളും ഒന്നും പറഞ്ഞിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഏതാണ്ട് ഇരുപത്തയ്യായിരത്തോളം തൊഴിലാളികളുള്ളതിൽ പതിനയ്യായിരത്തോളം തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന യൂണിയനുകളും എഗ്രിമെൻറിൽ പറഞ്ഞിട്ടുള്ള ജോലി വർദ്ധനവിനെയും മറ്റും പറഞ്ഞ് പരാതി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് തീരുമാനമെടുക്കുമ്പോൾ ഇവരുടെ അഭിപ്രായംകൂടെ ആരായാൻ ബോർഡിനു നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: അംഗീകൃത യൂണിയനുകളുമായാണ് ബോർഡ് ഒരു കരാർ ഉണ്ടാക്കിയിട്ടുള്ളത്. അവരുമായി മാത്രമേ കരാറുണ്ടാക്കാൻ സാധിക്കുകയുള്ളു. അല്ലാതെ അംഗീകരിക്കപ്പെടാത്ത യൂണിയനുകളുമായി കരാറുണ്ടാക്കാനോ ചർച്ച നടത്താനോ സാദ്ധ്യമല്ല.

ശ്രീ. സി. എ. കുര്യൻ: 1975 നു ശേഷം ബോർഡിൽ നിയമനം കിട്ടിയ ആളുകളുടെ പ്രശ്നമാണു ഹൈക്കോടതിയിലുള്ളതെന്നു പറഞ്ഞു. ബോർഡിലെ എല്ലാ അംഗീകൃത യൂണിയനുകളും, ഇരുപത്തയ്യായിരം തൊഴിലാളികളിൽ ഇരുപത്തിമൂവായിരം തൊഴിലാളികളെയും പ്രതിനിധീകരിച്ചുകൊണ്ടുള്ള സംഘടനകളും കരാറിൽ ഒപ്പു വെച്ച ശേഷം സി. ഐ. ടി. യു. വിൻെറ നേതാവായ മെമ്പർ ആ എഗ്രിമെൻറിനെതിരായി സംസാരിക്കുന്നതു ശരിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻനായർ: 1.1.1975 നു ശേഷം ജോലിയിൽ പ്രവേശിച്ച തൊഴിലാളികൾക്ക് നൽകാൻ കഴിയുന്ന പരമാവധി ആനുകൂല്യങ്ങളും ഈ എഗ്രിമെൻറു മുഖേന നൽകിയിട്ടുണ്ട്.

ഡോ. ജോർജ് മാത്യു: ഹൈക്കോടതിയുടെ ഈ സ്റേ അല്ലാതെ വേറെ ഏതെങ്കിലും സ്റേ നിലവിലുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻനായർ: ഈ ചോദ്യവുമായി ബന്ധമില്ലാത്ത കാര്യത്തിനു മറുപടി നൽകാൻ സാദ്ധ്യമല്ല.

ഗവൺമെൻറുടമയിലുള്ള കോർപ്പറേഷനുകളും കമ്പനികളും

*292 [308] ശ്രീ. ജി. പി. മംഗലത്തുമഠം:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

ശ്രീ. കെ. എസ്. നാരായണൻനമ്പൂതിരി:

ശ്രീ. എ. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly